# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ : 0477 2251349; ഇ-മെയിൽ: ൃറമഹു്യ@ഴാമശഹ.രീാ, വെബ്സൈറ്റ്: ംംം.ൃറ.സലൃമഹമ.ഴീ.ശി**

---

**പത്രക്കുറിപ്പ് 2 ഭരണഭാഷ മാതൃഭാഷ 2018 ജൂൺ 12 ചൊവ്വ**

---

## സൗജന്യ പി.എസ്.സി. പരീക്ഷാപരിശീലനം

ആലപ്പുഴ: സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് പുന്നപ്രയിൽ കുറവൻ തോട് ഐ.ഇ.എസ്സ് സ്കൂൾ കാമ്പസിൽ പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ പി.എസ്.സി. പരീക്ഷയ്ക്കായി സൗജന്യ പരിശീലനം നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. 18 വയസ് പൂർത്തിയായവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർഥികളുടെ സൗകര്യമനുസരിച്ച് റെഗുലർ, അവധിക്കാല ബാച്ചുകൾ ലഭ്യമാണ്. ന്യൂനപക്ഷവിഭാഗത്തിന് പുറമെ 20 ശതമാനം സീറ്റുകൾ ഒ.ബി.സി വിഭാഗത്തിന് ലഭിക്കും. അപേക്ഷകൾ എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ്, ഫോട്ടോ എന്നിവ സഹിതം ജൂൺ 15നകം പ്രിൻസിപ്പൽ, കോച്ചിങ് സെന്റർ ഫോർ മൈനോറിറ്റി യൂത്ത്, എം.ഇ.എസ്. സ്കൂൾ ക്യാമ്പസ്, പുന്നപ്ര പി.ഒ, ആലപ്പുഴ എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷാഫോറം ഓഫീസിലും www.minoritywelfare.keral.gov.in എന്ന വെബ്സൈറ്റിലും കളക്ടറേറ്റിലും ലഭിക്കും. വിശദവിവരത്തിന് ഫോൺ: 0477-2287869.

(പി.എൻ.എ. 1267/2018)

## ഖാദി ഗ്രാമവ്യവസായ ബോർഡ്: അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: ഖാദി ഗ്രാമവ്യവസായ ബോർഡ് നടപ്പിലാക്കുന്ന പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം വായ്പയെടുത്ത് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസ് ആലപ്പുഴ അപേക്ഷ ക്ഷണിക്കുന്നു.താല്പര്യമുള്ള സംരംഭകർക്ക് ഓൺലൈൻ മുഖേന www.kviconline.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് ആലപ്പുഴ ജില്ലാ ഖാദി ഗ്രാമവ്യവസായ ഓഫീസുമായി നേരിട്ടോ ഫോൺ മുഖേനയോ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 0477 2252341

(പി.എൻ.എ. 1268/2018)

# സാക്ഷരത മിഷൻ തുടർ വിദ്യാഭ്യാസ സംഗമം ഇന്ന്

ആലപ്പുഴ: സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റി നടത്തുന്ന തുടർ വിദ്യാഭ്യാസ പരിപാടികൾ സജീവമാക്കുന്നതിന്റെ ഭാഗമായി ജില്ല സാക്ഷരതാ മിഷൻ ഇന്ന് (ജൂൺ 13) രാവിലെ 10.30ന് ജില്ല പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ തുടർ വിദ്യാഭ്യാസ സംഗമം നടത്തുന്നു. ജനപ്രതിനിധികൾ തുടർ വിദ്യാഭ്യാസ പ്രവർത്തകർ റിസോഴ്സ് പേഴ്സൺമാർ, പ്രേരക്മാർ എന്നിവർ പങ്കെടുക്കും. ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

നൂതന പദ്ധതികളായ നവചേതന, സമഗ്ര, അക്ഷരസാഗരം, ഭാഷ സർട്ടിഫിക്കറ്റു കോഴ്സുകൾ എന്നിവയ്ക്ക് പുറമെ സാക്ഷരത മിഷൻ നടത്തിവരുന്ന അക്ഷരലക്ഷം പദ്ധതി, നാല്,ഏഴ്,10 ഹയർ സെക്കൻഡറി തുല്യത കോഴ്സുകൾ എന്നിവയും നടത്തുന്നുണ്ട്. വിവിധ പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിനും ജൂലൈ നാലിന് നടക്കുന്ന അക്ഷരലക്ഷം പരീക്ഷയിൽ അക്ഷരലക്ഷം സർവേയിലൂടെ കണ്ടെത്തിയ മുഴുവൻപേരെയും പരീക്ഷ എഴുതിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ജില്ലാതല തുടർവിദ്യാഭ്യാസ സംഗമം സംഘടിപ്പിക്കുന്നത്. പരിപൂർണ്ണ സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സാക്ഷരത മിഷൻ നടത്തുന്ന പദ്ധതിയാണ് അക്ഷരലക്ഷം പദ്ധതി. എല്ലാ തുടർ വിദ്യകേന്ദ്രങ്ങളും സ്ഥിതിചെയ്യുന്ന വാർഡുകളിലാണ് ഇത് നടത്തുന്നത്. 1693പേരാണ് ജില്ലയിൽ നിന്ന് പരീക്ഷ എഴുതുന്നത്.

ജില്ലയിൽ എട്ട് പട്ടികജാതി കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ മുന്നോടിയായി ഈ കോളനികളിൽ സർവേ നടത്തിയിരുന്നു. സർവേയിലൂടെ കണ്ടെത്തിയ പഠിതക്കളാണ് ക്ലാസിൽ എത്തുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്കായി സാക്ഷരത മിഷൻ നടപ്പിലാക്കുന്ന പദ്ധതി ജില്ലയിൽ മണ്ണഞ്ചേരി പഞ്ചായത്തിലാണ് നടപ്പാക്കുന്നത്. ഈ പഠിതാക്കളേയും സർവേയിലൂടെയാണ് കണ്ടെത്തുന്നത്.

ചേർത്തല എസ്.എൻ.കോളജിലെ എൻ.എൻ.എസ് ടീമംഗങ്ങളാണ് ഇൻസ്ട്രക്ടർമാർ. ഭാഷ സർട്ടിഫിക്കറ്റു കോഴ്സുകളായ പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛി ഹിന്ദി കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കോഴ്സിന്റെ രജിസ്ട്രേഷൻ ഊർജ്ജിതമാക്കുന്നതിനുള്ള ശ്രമം തുടങ്ങി. ജില്ലയിൽ നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർസെക്കൻഡറി കോഴ്സുകൾ ഊർജ്ജിതമായി നടത്തി വരുന്നു. തുല്യതാ രജിസ്ട്രേഷനുകൾ വർധിപ്പിച്ച് സമ്പൂർണ്ണ നാലാംതരം തുല്യതയിൽ തുടങ്ങി സമ്പൂർണ്ണ ഹയർ സെക്കൻഡറി തുല്യതയിൽ ജില്ലയെ എത്തിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗമായ ട്രാൻസ്ജൻഡേഴ്സിനെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സമന്വയ പദ്ധതിയും നിലവിലുണ്ട്. ജില്ലയിൽ നാലാംതരത്തിനും ഏഴാംതരത്തിനും ഈ വിഭാഗത്തിലുള്ള പഠിതാക്കളുണ്ട്. പത്താംതരത്തിനും ഹയർസെക്കൻഡറി കോഴ്സിനായും ജില്ലയിൽ നിന്നും പഠിതാക്കൾ

രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത പഠിതാക്കളെ ക്ലാസിൽ എത്തിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ് ജില്ല സാക്ഷരതാമിഷൻ.

(പി.എൻ.എ. 1269/2018)

## കേരള ലോകായുക്ത സിറ്റിങ്

ആലപ്പുഴ: കേരള ലോകായുക്ത ജൂൺ മാസം തൃശൂർ, കോട്ടയം ജില്ലകളിൽ ക്യാമ്പ് സിറ്റിങ് നടത്തും. ജൂൺ 18,19, തിയതികളിൽ ജില്ലാ സഹകരണ ബാങ്ക് കോൺഫ്രൻസ് ഹാളിലും 20ന് തൃശൂർ കളക്ട്രേറ്റ് കോൺഫ്രൻസ് ഹാളിലും 20 മുതൽ 22 വരെ കോട്ടയം കളക്ടറേറ്റ് കോൺഫ്രൻസ് ഹാളിലുമാണ് സിറ്റിങ്.

(പി.എൻ.എ. 1270/2018)

## യുവജനക്ഷേമ ബോർഡ്: സ്പോർട്സ് ക്വിസ് സംഘടിപ്പിച്ചു

ആലപ്പുഴ: യുവജനക്ഷേമ ബോർഡ് ജില്ല യുവജന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ലോകകപ്പ് ഫുട്ബോളിന്റെ പ്രചാരണാർഥം ജില്ല പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ സ്പോർട്സ് ക്വിസ് സംഘടിപ്പിച്ചു. ജില്ല പഞ്ചായത്ത് വൈസ് പ്രസിഡന്റ് ദലീമ ജോജോ ഉദ്ഘാടനം ചെയ്തു. സംസ്ഥാന യുവജനക്ഷേ ബോർഡ് അംഗം മനു.സി.പുളിക്കൽ അധ്യക്ഷത വഹിച്ചു. ജില്ല പഞ്ചായത്ത് അംഗം ജമീല, യുവജനക്ഷേമ ബോർഡ് ജില്ല കോ-ഓർഡിനേറ്റർ ടി.ടി.ജിസ്മോൻ, പ്രോഗ്രം ഓഫീസർ എസ്.സി.ബീന എന്നിവർ പങ്കെടുത്തു. ക്വിസ് മാസ്റ്റർ പി.സി.ബൈജു നയിച്ച മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം യഥാക്രമം കെ.ജെ.കുഞ്ഞുമോൻ,ആർ.രാജേഷ്, അലൻജൂഡ് തമ്പി എന്നിവർ നേടി.സമ്മാനദാനം ജില്ല കളക്ടർ എസ്.സുഹാസ് നിർവഹിച്ചു.

(പി.എൻ.എ. 1271/2018)

## പ്രൈമറി അധ്യാപകരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ആലപ്പുഴ: ജില്ലയിലെ സർക്കാർ സ്കൂളുകളിൽ 2001 മുതൽ 2010 വരെയുള്ള കാലയളവിൽ സർവ്വീസിൽ പ്രവേശിച്ച പ്രൈമറി അധ്യാപകരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിന്റെ പകർപ്പ് ജില്ല, ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിലും വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലും പരിശോധനയ്ക്ക്

ലഭിക്കും. ആക്ഷേപം, പരാതികൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന രേഖകൾ സഹിതം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ ജൂൺ 30നകം നൽകണം.

(പി.എൻ.എ. 1272/2018)

## ഖാദിക്ക് 30 ശതമാനം സർക്കാർ റിബേറ്റ്

ആലപ്പുഴ: ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിലുള്ള ഖാദി വില്പനകേന്ദ്രങ്ങളിൽ റംസാൻ പ്രമാണിച്ച് ജൂൺ 12 മുതൽ 16 വരെ ഖാദിക്ക് 30 ശതമാനം സർക്കാർ റിബേറ്റ് ലഭിക്കുമെന്ന് പ്രോജക്ട് ഓഫീസർ അറിയിച്ചു.

(പി.എൻ.എ. 1273/2018)

## അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ:വ്യവസായ വകുപ്പിൽ സ്വയംതൊഴിൽ പദ്ധതികൾക്കായി അപേക്ഷ ക്ഷണിച്ചു. ആലപ്പുഴ വെള്ളക്കിണർ ജങ്ഷനിലുള്ള ജില്ല വ്യവസായ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന അമ്പലപ്പുഴ താലൂക്ക് വ്യവസായ ഓഫീസിലോ, താഴെപ്പറയുന്ന നമ്പരിലോ ജൂൺ 29ന് മുൻപായി ബന്ധപ്പെടണം.അമ്പലപ്പുഴ ബ്ലോക്കിന്റെ പരിധിയിൽ സംരംഭം തുടങ്ങാൻ താൽപര്യമുള്ളവർ 9495476958 എന്ന നമ്പരിലും ആലപ്പുഴ മുനിസപ്പൽ പരിധിയിൽ സംരംഭം തുടങ്ങാൻ താൽപര്യമുള്ളവർ 8891357191 എന്ന നമ്പരിലും ആര്യാട് ബ്ലോക്കിൽ സംരംഭം തുടങ്ങാൻ 9446468026 എന്ന നമ്പരിലും  ബന്ധപ്പെടണം.

(പി.എൻ.എ. 1274/2018)

## വാഹനം വാടകയ്ക്ക്

ആലപ്പുഴ: സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ് ഉപയോഗത്തിന് വാഹനം വാടകയ്ക്ക് നൽകാൻ താൽപര്യമുള്ളവരിൽ നിന്ന് റീ-ടെൻഡർ ക്ഷണിച്ചു. ജൂൺ 20നകം ടെൻഡർ നൽകണം. കൂടുതൽ വിവരം ആര്യാട് ഐ.സി.ഡി.എസ് ഓഫീസിൽ ലഭിക്കും. ഫോൺ 0477-2291626.

(പി.എൻ.എ. 1274/2018)

# <u>അറിയിപ്പ്</u>

ആലപ്പുഴ: ഹരിപ്പാട് ബ്ലോക്കിൽ മുച്ചക്ര വാഹനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാനായി വാഹനങ്ങൾ ലഭിച്ചവർ ജൂൺ 13ന് രാവിലെ 10മണിക്ക് ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിൽ മുച്ചക്ര വാഹനവുമായി എത്തിച്ചേരണം.

(പി.എൻ.എ. 1275/2018)

# ആലപ്പുഴക്കാർക്ക് ഇനി ആലപ്പുഴയിൽ തന്നെ ടിക്കറ്റ് ബുക്ക് ചെയ്യാം

ആലപ്പുഴ: കെ.എസ്.ആർ.ടി.സി യാത്രക്കാര്ക്ക് സന്തോഷ വാർത്ത.കെ.എസ്.ആർ.ടി.സി ഓടുന്ന എവിടേക്കും ഇനി ആലപ്പുഴയിൽ തന്നെ ടിക്കറ്റ് ബുക്ക് ചെയ്യാനാകും. ഇതിനായി ഉടൻ ആലപ്പുഴയിൽ ടിക്കറ്റ് കൗണ്ടിങ് കേന്ദ്രം ആരംഭിക്കും. ആലപ്പുഴ വഴി കടന്നുപോകുന്ന എല്ലാ കെ.എസ്.ആർ.ടി.സി ബസുകളിലും ഇതുവഴി സീറ്റ് ബുക്ക് ചെയ്യാനാകും. കെ.എസ്.ആർ.ടി.സി യാത്രക്കാരുടെ ദീർഘനാളത്തെ ആവശ്യമായിരുന്നു.

(പി.എൻ.എ. 1276/2018)

<u>**//അവസാനിച്ചു//**</u>